**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3945** **28-06-2024-ൽ മറുപടിയ്ക്ക്**

**<u>പരസ്യത്തിനായി ചെലവഴിച്ച തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ വന്ന ശേഷം പരസ്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ വന്ന ശേഷം പരസ്യങ്ങൾക്കായി 24,73,57,632 രൂപ (ഇരുപത്തി നാലു കോടി എഴുപത്തിമൂന്ന് ലക്ഷത്തി അമ്പത്തിയേഴായിരത്തി അറുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) തീയറ്റർ ഏജൻസികൾ,റ്റി.വി പരസ്യങ്ങൾ, എഫ്.എം റേഡിയോ തുടങ്ങിയവക്കായി 4,25,78,257/- രൂപ

(2) ഫീൽഡ് പബ്ലിസിറ്റിയുടെ വിവിധ പരസ്യങ്ങൾക്കായി 4,89,62,553/- രൂപ

(3) ടെൻഡർ/നോൺ ടെൻഡർ വിഭാഗം പരസ്യങ്ങൾക്കായി 8,76,26,248/- രൂപ

(4) ഡിസ്പ്ലേ പരസ്യങ്ങൾക്കായി 6,81,90,574/ രൂപ

**(ബി)** ഈയിനത്തിൽ ഏതെല്ലാം ഏജൻസികൾക്ക് ഇനിയും തുക നൽകാനുണ്ടെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഈയിനത്തിൽ ഇനിയും തുക നൽകാനുള്ള ഏജൻസികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) സിനിമാ തീയേറ്റർ പരസ്യം നല്കിയ ഇനത്തിൽ പരസ്യ ഏജൻസികളായ യു.എഫ്.ഒ മൂവീസ് ഇൻഡ്യ ലിമിറ്റഡ്, ക്യൂബ് സിനിമ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവർക്കും

(2) ഫീൽഡ് പബ്ലിസിറ്റി പരസ്യങ്ങൾ നൽകിയ ഇനത്തിൽ താഴെ പറയുന്നവർക്കും തുക നൽകുവാനുണ്ട്.

| ക്രമ നം | പരസ്യം | തുക ഇനിയും നൽകാനുള്ള ഏജൻസികൾ |
|---|---|---|
| 1 | ഹോർഡിംഗുകളിൽ പരസ്യം | സിഡ്കോ<br>സീറോ ഡിഗ്രി<br>ഐശ്വര്യ OOH മീഡിയ<br>മധൂസ് അഡ്വർട്ടൈസിംഗ്<br>പാലറ്റ് കമ്മ്യൂണിക്കേഷൻസ് |

| | | |
|---|---|---|
| | | മിറാക്കിൾ പ്രൊഡക്ഷൻസ്<br>മൈത്രി അഡ്വർട്ടൈസിംഗ് വർക്ക്സ്<br>തേർഡ് ഐറിസ്<br>റെഡ് അഡ്വർട്ടൈസേഴ്സ്<br>റൈറ്റ് ആംഗിൾ OOH മീഡിയ<br>ചക്ര കമ്മ്യൂണിക്കേഷൻസ്<br>വൺ കോർ മാർക്കറ്റിംഗ്<br>ചിത്ര പെയിന്റേഴ്സ്<br>സോളസ് ആഡ് സൊല്യൂഷൻസ്<br>ജെ കെ ആഡ്സ്<br>വിസ്മയ അഡ്വർട്ടൈസിംഗ്<br>സൂം ഔട്ട് ഡോർ മീഡിയ<br>ക്ലീർസ്കൈ<br>സീസ് ഔട്ട് ഡോർ മീഡിയ<br>സിറ്റി അഡ്വർട്ടൈസേഴ്സ് |
| 2 | റയിൽവേ സ്റ്റേഷൻ ജിംഗിൾസ് | ലിമാക്സ് അഡ്വർട്ടൈസിംഗ്<br>നിഞ്ച മീഡിയാ<br>ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് |
| 3 | കെ എസ് ആർ റ്റി സി ബസ് പരസ്യം | കെ എസ് ആർ റ്റി സി |
| 4 | മൊബൈൽ വാൻ വീഡിയാ വാൾ പരസ്യം | ജെ മീഡിയാ |

**(സി)** പരസ്യം നൽകുന്നതിനായി സ്ഥിരമായി ഏതെങ്കിലും എജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** സിനിമാ തീയേറ്ററുകളിൽ പരസ്യങ്ങൾ നൽകുന്നതിനായി തീയേറ്റർ പരസ്യ ഏജൻസികളായ യു.എഫ്.ഒ മൂവീസ് ഇൻഡ്യ ലിമിറ്റഡ്, ക്യൂബ് സിനിമ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ 29/12/2021 ലെ G.O(P) No. 9/2021/I&PRD നമ്പർ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിനു പുറമെ വിവിധ ക്യാംപെയിനുകളോടനുബന്ധിച്ച് വകുപ്പ് ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ പരസ്യം നൽകുന്നതിനായി ഏജൻസികളുമായി നിരക്ക് നിശ്ചയിച്ച് പ്രസ്തുത ഏജൻസികളെ വകുപ്പിന്റെ പാനലിൽ ഉൾപ്പെടുത്താറുണ്ട്. വിവിധ ഔട്ട്ഡോർ പരസ്യങ്ങൾക്ക് ബന്ധപ്പെട്ട കേന്ദ്രസർക്കാർ / സംസ്ഥാനസർക്കാർ വകുപ്പ് / സ്ഥാപനവുമായി കരാറുള്ള ഏജൻസികളുമായി ഇപ്രകാരം വകുപ്പ് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഹോർഡിംഗുകളിൽ പരസ്യം ചെയ്യുന്നതിനും താത്കാലിക ബോർഡുകളിൽ പരസ്യം ചെയ്യുന്നതിനും ടെണ്ടർ നടപടിയിലൂടെ ഒരു വർഷക്കാലയളവ് പ്രാബല്യത്തിൽ ഏജൻസികളെ പാനലിൽ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. വകുപ്പിന്റെ സ്വന്തം ഹോർഡിംഗുകളിൽ പരസ്യം ചെയ്യുന്നതിനുള്ള ചുമതല നിലവിൽ സിഡ്കോ വഹിക്കുന്നു. ഇപ്രകാരം നിലവിൽ ഉത്തരവ് പ്രാബല്യമുള്ള ഏജൻസികളുടെ വിശദാംശങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം | പരസ്യ ഇനം | ഏജൻസി |
|---|---|---|
| 1 | വകുപ്പിന്റെ സ്വന്തം ഹോർഡിംഗുകളിൽ പരസ്യം | സിഡ്കോ |
| 2 | റയിൽവേ സ്റ്റേഷൻ ഡിജിറ്റൽ സ്ക്രീനുകളിലൂടെ പരസ്യം | മലയാള മനോരമ പ്ലേ ആഡ്സ് |
| 3 | റയിൽ വേ സ്റ്റേഷൻ ജിംഗിൾസ് | ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് ലിമാക്സ് അഡ്വർട്ടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് നിഞ്ച മീഡിയ |
| 4 | കെ എസ് ആർ റ്റി സി വോൾവോ ലോ ഫ്ലോർ ബസുകളിൽ പരസ്യം | ചാംസ് ബ്രാന്റിംഗ് സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് |
| 5 | റയിൽവേ സ്റ്റേഷൻ ബോർഡ്സ് | ലിമാക്സ് അഡ്വർട്ടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 6 | കെ എസ് ആർ റ്റി സി ബസ് സ്റ്റേഷനുകളിലെ പബ്ലിക് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ പരസ്യം | വിഷ്വൽ ആഡ്സ് |
| 7 | കെ എസ് ആർ റ്റി സി ബസ് സ്റ്റേഷൻ ജിംഗിൾസ് | വൺകോർ |
| 8 | ട്രെയിൻ റാപ്പിംഗ് | ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് മാളിക അഡ്വർട്ടൈസേഴ്സ് |

**സെക്ഷൻ ഓഫീസർ**